LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 142 മൊബൈൽ ത്രിവേണികളാണ് സർവ്വീസ് നടത്തിയിരുന്നത്.

(ബി) നിലവിൽ 121 മൊബൈൽ ത്രിവേണികൾ വഴിയാണ് സാധനങ്ങൾ വിതരണം നടത്തുന്നത്.

(സി) മൊബൈൽ ത്രിവേണികളുടെ പ്രതിദിന ശരാശരി വിറ്റുവരവ് 12,500- രൂപയാണ്.

പ്രാഥമിക സംഘങ്ങളിലെ റിസ്ക് ഫണ്ട്, വെൽഫെയർ ഫണ്ട് പെൻഷൻ വിഹിതങ്ങൾ എന്നിവയുടെ നിക്ഷേപം

103 (443) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളിൽ അംഗങ്ങളിൽ നിന്നും വാങ്ങുന്ന റിസ്ക് ഫണ്ട് വിഹിതം, ജീവനക്കാരിൽ നിന്ന് ഈടാക്കുന്ന വെൽഫെയർ ഫണ്ട് വിഹിതം, പെൻഷൻ വിഹിതം മുതലായവ യഥാസമയം ജില്ലാ ബാങ്കുകളിലെ അക്കൗണ്ടുകളിൽ നിക്ഷേപിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പല സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതികളും ജീവനക്കാർക്ക് നൽകേണ്ട ഗ്രാറ്റുവിറ്റി തുക, പി.എഫ്. വിഹിതം മുതലായവ യഥാസമയം അടയ്ക്കാത്തതിനെക്കുറിച്ച് അന്വേഷിക്കാമോ ; ഇത് പരിഹരിക്കുവാൻ ഒരു പൊതു നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സഹകരണ സംഘം ജീവനക്കാർക്ക് അർഹതപ്പെട്ട ഗ്രാറ്റുവിറ്റി നൽകുവാനുള്ള ബാധ്യത ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് തന്നെയാണുള്ളത്. ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ഗ്രാറ്റുവിറ്റി തുക,

പി.എഫ്. വിഹിതം മുതലായവ അടയ്ക്കാത്തതിനെ സംബന്ധിച്ച് പ്രത്യേകം പരാതികൾ നിലവിലില്ല. ആയതിനാൽ ഇപ്രകാരമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണം ആവശ്യമില്ലാത്തതാണ്. ജീവനക്കാരുടെ പെൻഷൻ വിഹിതം യഥാസമയം പെൻഷൻ ബോർഡിൽ ഒടുക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 44/2012-ാം നമ്പർ സർക്കുലർ നിലവിലുള്ളതാണ്. ഈ സാഹചര്യത്തിൽ ഒരു പൊതു നിർദ്ദേശം നല്കേണ്ട ആവശ്യമില്ല.

ത്രിവേണി-നന്മ സ്റ്റോറുകൾ

104 (444)<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ത്രിവേണി-നന്മ സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ട് ; നിയോജകമണ്ഡലം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ എവിടെയെല്ലാമാണ് നന്മ സ്റ്റോറുകൾ 584/16
ആരംഭിച്ചിട്ടുള്ളത് ;

(സി) ഏറനാട് മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ആവശ്യകത നോക്കി ത്രിവേണി സ്റ്റോറുകളും, നന്മ സ്റ്റോറുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കൺസ്യൂമർഫെഡ് ആരംഭിച്ച ത്രിവേണി-നന്മ സ്റ്റോറുകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഏറനാട് മണ്ഡലത്തിൽ കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(സി) പുതുതായി ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും സംസ്ഥാനത്ത് ആരംഭിക്കുന്ന കാര്യം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly